"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുർവേദ ഔഷധ നിർമ്മാണം- ഔഷധി- മറയൂർ ചന്ദന ഡിവിഷനിൽ നിന്നും ചന്ദനവെള്ള ചിപ്സ് അനുവദിച്ച് നൽകുന്നതിന് അനുമതി നൽകുന്നു- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ) നം.226/2021/വനം തീയതി,തിരുവനന്തപുരം, 30/07/2021

---

പരാമർശം:- 1. സ.ഉ (സാധാ) നം. 303/2019/വനം,തീയ്യതി 03/08/2019

2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 30/6/2021-ലെ പ്രൊ(5)-187596/2021 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആയുർവേദ ഔഷധ നിർമ്മാണത്തിന് പൊതുമേഖലാ സ്ഥാപനമായ ഔഷധിക്ക് പരാമർശത്തിലെ ഉത്തരവ് പ്രകാരം 12000 കി.ഗ്രാം ചന്ദനവെള്ള ചിപ്സ് ലേലത്തിൽ ഉൾപ്പെടുത്താതെ, കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിൽ അനുവദിച്ചിരുന്നു. 20,000 കിലോഗ്രാം ചന്ദനവെള്ള ചിപ്സ് കിലോഗ്രാമിന് 186/- രൂപ എന്ന നിരക്കിൽ അനുവദിക്കണമെന്ന് ഔഷധി, മാനേജിംഗ് ഡയറക്ടർ അപേക്ഷിച്ചിട്ടുള്ളതായി പരാമർശത്തിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) അറിയിച്ചിട്ടുണ്ട്.

2) നിലവിൽ മറയൂർ ചന്ദന ഡിപ്പോയിൽ 62823 കി . ഗ്രാം ചന്ദനവെള്ള ചിപ്സ് സ്റ്റോക്ക് ഉണ്ടെന്നും, അവസാന മൂന്ന് ലേലങ്ങളിൽ ലഭിക്കുന്ന വിലയുടെ അവസാന വിലയുടെ അടിസ്ഥാനത്തിൽ ആണ് ടി ചന്ദന ഇനത്തിന് വില നിശ്ചയിക്കാറുള്ളതെന്നും, അപ്രകാരം കിലോഗ്രാമിന് 205 രൂപ എന്ന നിരക്കിൽ, ക്ലാസ് X V ചന്ദനവെള്ള ചിപ്സ് ഔഷധിക്ക് അനുവദിക്കാവുന്നതുമാണെന്നും മറയൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ മാനേജിംഗ് ഡയറക്ടർ, ഔഷധിയുടെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച്, മറയൂർ ചന്ദന ഡിവിഷനിൽ നിന്നും ക്ലാസ് XV - ൽ ഉൾപ്പെട്ട 20,000 കി . ഗ്രാം ചന്ദനവെള്ള ചിപ്സ് കിലോഗ്രാമിന് 205/- രൂപ നിരക്കിൽ, ലേലത്തിൽ ഉൾപ്പെടുത്താതെ, ഔഷധിക്ക് അനുവദിച്ച നൽകാവുന്നതാണെന്നും, പരാമർശത്തിലെ കത്ത് പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ( ഫോറസ്റ്റ് മാനേജ്മെന്റ് ) ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ( ഫോറസ്റ്റ് മാനേജ്മെന്റ് ) ശിപാർശയുടെ അടിസ്ഥാനത്തിൽ, മറയൂർ ചന്ദന

ഡിവിഷനിൽ നിന്നും ക്ലാസ് XV ൽ ഉൾപ്പെട്ട 20,000 കി.ഗ്രാം (ഇരുപതിനായിരം കിലോഗ്രാം) ചന്ദനവെള്ള ചിപ്പ്, കിലോഗ്രാമിന് 205/- രൂപ (ഇരുന്നൂറ്റി അഞ്ച് രൂപ മാത്രം) നിരക്കിൽ, ലേലത്തിൽ ഉൾപ്പെടുത്താതെ, ഔഷധിക്ക് അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയറാംകുമാർ ആർ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്), തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ,ഔഷധി,കുട്ടനല്ലൂർ പി ഒ,തൃശ്ശൂർ-680014.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം.
വെബ് ആന്റ് ന്യൂ മീഡിയ *(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).*
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ